February-March 2018 ¦ Price - ₹ 20

# സ്നേഹഭൂമി


ദ്വൈമാസിക

https://www.facebook.com/snehabhumi
Email: snehabhumi99@gmail.com

**ശിവരാത്രി സ്പെഷ്യൽ**



■ കഥ



ശിവദാസൻ എ.കെ



# സൃഗാല സംഭവം

ഒരു രാത്രി മുഴുവൻ സഞ്ചരിച്ചാണ് കുറുക്കൻ നാട്ടിലെത്തിയത്.

ഇവിടേക്ക് എന്നെങ്കിലും വരണമെന്ന് സത്യത്തിൽ അത് ആഗ്രഹിച്ചതല്ല. പൊതുവേ കുറുക്കൻമാർ കാട്ടിലും, നാട്ടിലുമൊക്കെയായാണ് കഴിയുന്നതെങ്കിലും ഈ കുറുക്കൻ ജനിച്ചതിൽ പിന്നെ നാടു കണ്ടിട്ടേയില്ലായിരുന്നു. ഒടുവിൽ കാട്ടിലെ പട്ടിണി കൂടി വന്നപ്പോൾ മനസ്സില്ലാമനസ്സോടെ നാട്ടിലേക്ക് പോരികയായിരുന്നു.

നാട് , ഭയവും കുറെ ആവേശവുമൊക്കെ കുറുക്കനിലുണ്ടാക്കി. കാട്ടിലില്ലാത്തതെല്ലാം നാട്ടിലുണ്ടായിരുന്നു. കുറുക്കൻ എത്തിയപ്പോൾ നേരം വെളുപ്പാകുന്നു. ഒന്നൊളിക്കുന്നതിനായി അവൻ അഭയം തേടിയത് ഒരു സർക്കാർ സ്കൂളിന്റെ പിൻപുറത്ത് പരന്നു കിടക്കുന്ന കുറ്റിക്കാട്ടിലാണ്.

അവൻ കിടന്നതിനടുത്ത് സ്കൂളിലെ എൽ.കെ.ജി ക്ലാസ്സായിരുന്നു. ക്ലാസ്സ് തുടങ്ങി അല്പം കഴിഞ്ഞപ്പോൾ ക്ലാസ്സ് ടീച്ചർ കുട്ടികളോട് ഒരു കഥ പറയുന്നത് അവൻ കേട്ടു.

"കുറുക്കൻ രാജാവായ കഥ."

ഒരിടത്ത് ഒരു കുറുക്കനുണ്ടായിരുന്നെന്നും, തന്നെപ്പോലെ ഒരിക്കൽ നാട്ടിലെത്തിയ അവൻ അറിയാതെ നീലച്ചായം കലക്കിയ ഒരു പാത്രത്തിൽ വീണ് നീലകുറുക്കനായെന്നും പിന്നീട് കാട്ടിൽ തിരിച്ചെത്തി രാജാവായെന്നും ആഘോഷങ്ങൾക്കിടയിൽ ഓർക്കാപ്പുറത്ത് മഴ പെയ്തപ്പോൾ ചായമിളകിപ്പോയ കുറുക്കനെ മറ്റുള്ളവർ തിരിച്ചറിഞ്ഞെന്നും തങ്ങളെ കബളിപ്പിച്ച അവനെ ആട്ടിയോടിച്ചെന്നുമായിരുന്നു ആ കഥ. കഥ കേട്ട് കുറുക്കൻ അത്ഭുത പരതന്ത്രനായിപ്പോയി.

ഇത്തരമൊരു കഥ നടന്നതായി കുറുക്കന്റെ അപ്പനപ്പൂപ്പൻമാർ തൊട്ട് ആരും പറഞ്ഞ് കേട്ടിട്ടില്ല. മാത്രമല്ല കാട്ടിലെങ്ങും രാജാവ് മന്ത്രി തുടങ്ങിയ ഒരു വ്യവസ്ഥയുള്ളതായി അതിനറിയുകയേ ഇല്ല. എന്നിട്ടും ഇത്തരമൊരു കഥ എങ്ങനെയുണ്ടായി എന്ന് പല തവണ ആലോചിച്ചിട്ടും ഉത്തരം കിട്ടാതിരിക്കുമ്പോഴാണ് കുറുക്കന്റെ ഒട്ടിയ വയറിനു മുന്നിലൂടെ ഒരെലിക്കുഞ്ഞ് പാഞ്ഞത്.

അടുത്ത നിമിഷം കഥയെല്ലാം മറന്ന് കുറുക്കൻ യഥാർത്ഥ കുറുക്കനായി എലിക്കുഞ്ഞിന് നേരെ കുതിച്ചു.

ജീവിതത്തിലാദ്യമായി ഒരു കുറുക്കനെ കണ്ട എലിക്കുഞ്ഞ് അമ്പരപ്പോടെ അല്പം നോക്കിനിന്നശേഷം മിന്നൽ വേഗത്തിൽ കാട്ടിൽ മറഞ്ഞു.

എലിക്കുഞ്ഞിനെ കിട്ടാത്തതിലുള്ള ജാള്യതയും, കുതിച്ചു വന്നതിലെ കിതപ്പുമെല്ലാമായി കുറുക്കൻ പുതിയ സ്ഥലത്ത് വിശ്രമിക്കാൻ തുടങ്ങി.

അപ്പോൾ അതിനടുത്തുള്ള രണ്ടാം ക്ലാസ്സിലെത്തിയ മലയാളം ടീച്ചർ ഒരു പുതിയ പാഠം കുട്ടികളെ പഠിപ്പിക്കാൻ തുടങ്ങി.

കുട്ടികളെ നമ്മളിന്ന് പഠിയ്ക്കാൻ പോകുന്ന പാഠത്തിന്റെ പേര് "സൂത്രക്കാരനായ കുറുക്കൻ."

ടീച്ചർ പറഞ്ഞു തീർത്തയുടനെ കുട്ടികൾ കൂട്ടത്തോടെ അതേറ്റു പറഞ്ഞു.

"സൂത്രക്കാരനായ കുറുക്കൻ."

ഒരിടത്ത് രണ്ട് മുട്ടനാടുകളുണ്ടായിരുന്നെന്നും സൂത്രക്കാരനായ ഒരു കുറുക്കൻ മുട്ടനാടുകളെ സമീപിച്ച് പരസ്പരം ശണ്ഠ കൂടാൻ പ്രേരിപ്പിച്ചെന്നും, ഏറ്റുമുട്ടലിനിടെ മുട്ടനാടുകളുടെ തലയിൽ നിന്നും വീണ ചോര നക്കാനെത്തിയ കുറുക്കൻ മുട്ടനാടുകളുടെ കൂട്ടയിടിയിൽ ഞെരിഞ്ഞമർന്ന് മരിച്ചെന്നുമായിരുന്നു ആ കഥ.

കഥ തീർന്നയുടനെ ടീച്ചർ കുട്ടികളോടായി ഒരു ചോദ്യം ചോദിച്ചു.

"കുട്ടികളെ ഈ കഥയിൽ നിന്ന് നമുക്ക് കിട്ടിയ ഗുണപാഠമെന്താണ് എന്ന് പറയാമോ."

കുട്ടികൾ ആർത്തുവിളിച്ചുകൊണ്ട് പറഞ്ഞു.

"ചതിയൻമാർക്ക് വേണ്ട ശിക്ഷ കിട്ടും."

“ചതിയൻ.”

ഇക്കുറി കുറുക്കൻ അക്ഷരാർത്ഥത്തിൽ നടുങ്ങി വിറച്ചുപോയി.

ഇത്രയ്ക്ക് നാട്ടിൽ താനൊരു പാഠ്യവിഷയമാണ് എന്നതിനപ്പുറം ആ അമ്പരപ്പ് പടർന്നു.

ഇത്തരമൊരു കഥ നടന്നിട്ടുണ്ടോ എന്ന് കുറുക്കനറിയില്ല. പൊതുവേ ധിക്കാരികളും മുഷ്കൻമാരുമായ മുട്ടനാടുകൾ ഇടി കൂടുന്നത് കുറുക്കൻ കണ്ടിട്ടുണ്ട്. കൊറ്റിയാടുകൾക്കിടയിൽ ആളാവാനാണ് അത്. അല്ലാതെ ഒരു കുറുക്കനും പ്രേരിപ്പിച്ചിട്ടല്ല. ചോര കണ്ടാൽ നക്കുക എന്നത് കുറുക്കന്റെ ഭക്ഷണശീലമാണ്. സത്യത്തിൽ മുട്ടനാടുകൾ ഇടികൂടുമ്പോൾ ചോര തെറിച്ചത് അപകടമറിയാതെ നക്കുന്നതിനിടെ നിരപരാധിയും നിഷ്കളങ്കനുമായ ഒരു കുറുക്കൻ മരിച്ചതാകാം. അതിനെ ഇത്തരത്തിൽ വളച്ചൊടിച്ച് അവതരിപ്പിച്ചതിൽ കുറുക്കന് സത്യത്തിൽ അതിയായ സങ്കടമുണ്ടായി.

പുതിയ സ്ഥലവും, ഒട്ടും പ്രതീക്ഷിക്കാതെയുള്ള കുറുക്കൻമാരുടെ കഥകളുണ്ടാക്കിയ ആശയകുഴപ്പവുമെല്ലാമായി അത് വൈകുന്നത് വരെ കുറ്റിക്കാട്ടിൽ കിടന്നു.

വൈകീട്ട് ഒഴിഞ്ഞ സ്കൂളിൽ കുട്ടികളുടെ ഭക്ഷണാവശിഷ്ടങ്ങളിൽ നിന്ന് പശിയടക്കി കഴിഞ്ഞപ്പോൾ ഒന്ന് നാടു ചുറ്റണമെന്ന് അവനു തോന്നി.

നാട്ടുവഴിയിലൂടെ വിരുന്നുകാരന്റെ പ്രൗഡിയിൽ അവൻ ഓടാൻ തുടങ്ങി. അല്പദൂരം പിന്നിട്ടപ്പോൾ ഇരുട്ടിന് കണ്ണുവച്ചതു പോലെ ദീപങ്ങളിൽ കുളിച്ച് ഒരു രമ്യഹർമ്മം കണ്ടു.

അതിമനോഹരമായ കാഴ്ചയിൽ സ്വയം മറന്ന് നിൽക്കവെ കനത്ത ഒരു സ്വരം അവന്റെ ഉള്ളു വിറപ്പിച്ച് കടന്നുപോയി. ഒറ്റച്ചാട്ടത്തിന് അവൻ മുന്നിൽ കണ്ട പൂന്തോട്ടത്തിലൊളിച്ചു. കിതപ്പടക്കാൻ പാടു പെട്ട് ചുറ്റും നോക്കി. ആ വീടിനു മുറ്റത്തെ കൂട്ടിൽ വെരുകി നടക്കുന്ന ഒരുഗ്രൻ പട്ടിയെ അതപ്പോഴാണ് കണ്ടത്. പട്ടി കുറുക്കൻ ചാടിയിടത്തേക്ക് തന്നെയാണ് നോക്കുന്നത്. എന്തായാലും പട്ടിയുടെ ശ്രദ്ധതിരിയുന്നതു വരെ അവിടെ പതുങ്ങികിടക്കാൻ അവൻ തീരുമാനിച്ചു.

പൂന്തോട്ടത്തിനോട് ചേർന്ന് വരാന്തയിൽ തൂങ്ങിക്കിടന്ന ഊഞ്ഞാൽ കട്ടിലിൽ വയസ്സായൊരു സ്ത്രീയും രണ്ടു കുട്ടികളും ഇരിക്കുന്നത് അവൻ കണ്ടു. കുട്ടികളുടെ നിർബന്ധപ്രകാരം വൃദ്ധ ഒരു കഥ പറയുകയായിരുന്നു.

ആനയുടെയും കുറുക്കന്റെയും കഥ.

ഒരിടത്തൊരു കാട്ടിൽ കൂട്ടുകാരായിരുന്ന ഒരു ആനയും കുറുക്കനുമുണ്ടായിരുന്നു. ഒരു ദിവസം കുറുക്കൻ നിർദ്ദേശിച്ചതനുസരിച്ച് അവരിരുവരും നാടു കാണാൻ പോയി.

നാട്ടിലെത്തിയ ഉടനെ ആനയ്ക്ക് ഒരു കരിമ്പിൻ തോട്ടം കാണിച്ചു കൊടുത്ത കുറുക്കൻ തൊട്ടടുത്ത പാടത്തു നിന്നും ഞണ്ടും മീനും വയറു നിറയെ തിന്നു. ഇതിനിടയിൽ ആന കരിമ്പിൻതോട്ടത്തിന്റെ വേലി പൊളിച്ചുകഴിഞ്ഞിട്ടില്ലായിരുന്നു. ആനക്ക് രണ്ട് കൊള്ളിക്കുന്നതിനായി കുറുക്കൻ ഉറക്കെ ഓരിയിട്ടു. ഓടിയെത്തിയ അളുകൾ ആനയെ കണ്ട് പൊതിരെ തല്ലി. എങ്ങനെയോ രക്ഷപ്പെട്ട ആന കാടിനോരത്തുള്ള പുഴയുടെ കരയിലെത്തി. അവിടെ ഒന്നുമറിയാത്തതു പോലെ നിന്ന കുറുക്കനെയും പുറത്ത് കയറ്റി പുഴ നീന്തികടക്കാൻ തുടങ്ങി. പുഴമദ്ധ്യേ വച്ച് ആന കുറുക്കനോട് ചോദിച്ചു.

“അല്ല ചങ്ങാതി നിങ്ങളെന്തിനാണ് വെറുതേ ഓരിയിട്ടത്?”

കുറുക്കന്റെ ഉള്ളൊന്നു കാളി.

“ക്ഷമിക്കണേ ചങ്ങാതീ. അറിയാതെ പറ്റിയതാണ്. വയറു നിറഞ്ഞാൽ ഓരിയിടുന്നത് എന്റെയൊരു ശീലമായിപ്പോയി . എന്തു ചെയ്യാനാണ്.”

കുറുക്കൻ ഇതു പറഞ്ഞയുടനെ ആന വെള്ളത്തിൽ കിടന്നൊന്ന് മറിഞ്ഞു. പിടി വിട്ട കുറുക്കൻ വെള്ളം കുടിച്ച് മരിക്കാറായി. ഒടുവിൽ ആന തന്നെ കുറുക്കനെ തോണ്ടി കരയിലെത്തിച്ചു. എന്നിട്ട് പറഞ്ഞു.

“ക്ഷമിക്കണെ ചങ്ങാതി. അടി കിട്ടിയാൽ വെള്ളത്തിൽ കിടന്നുരുളുന്നത് എന്റെയൊരു ശീലമാണ്.”

ഇളിഭ്യനായ കുറുക്കൻ തിരിഞ്ഞ് നോക്കാതെ അവിടെ നിന്ന് ഓടിപ്പോയി. ഇതായിരുന്നു ആ കഥ.

കുറുക്കന്റെ ആത്മരോക്ഷത്തിനതിരില്ലായിരുന്നു. താനിരിക്കുന്നത് തികച്ചും അപരിചിതമായ ഒരിടത്താണെന്നത് മറന്നുപോയി. “നിറുത്തു ഈ അധിക്ഷേപം'' എന്നത് ഉറക്കെ ആക്രോശിച്ചു. മനസ്സിൽ നിന്ന് പിടഞ്ഞുയർന്ന അക്ഷരങ്ങളെ പരിചിതമല്ലാത്ത അതിന്റെ തൊണ്ട ഞെരുക്കികളഞ്ഞു. അതൊരു നീണ്ട നിലവിളിയായി ആ വീടിനെ നടുക്കി. തന്നെ ലാക്കാക്കി ഒരു പട്ടിയിരിക്കുന്നു എന്ന് പോലും മറന്ന് അത് പുറത്തേക്ക് പാഞ്ഞു. പിന്നിൽ ഭൂമി കുലുക്കിയെത്തിയ പട്ടികളുടെ കുരയോ, വീട്ടുകാരുടെ ഒച്ചയോ അത് കേട്ടില്ല. വീണ്ടും സ്കൂളിനടുത്തെ കുറ്റിക്കാട്ടിലെത്തി അത് കിതപ്പാറ്റാൻ തുടങ്ങി.

കുറുക്കന്റെ മനസ്സിലൂടെ നിരവധി ചിന്തകൾ കടന്നു പോയി. മനുഷ്യർ അതിബുദ്ധിമാൻമാരാണ് എന്നത് കേട്ടിരുന്നു. ഇപ്പോൾ അതിലല്പം സംശയമുണ്ടായിരിക്കുന്നു. ഇത്തരം മണ്ടത്തരങ്ങൾ എന്തിനാണ് മനുഷ്യർ പറഞ്ഞു നടക്കുന്നത്. കുറുക്കന് മനുഷ്യരോട് പുച്ഛം തോന്നി. അവരുടെ കഥ പറഞ്ഞാൽ പോരെ. സാധുവായ ഒരു മൃഗത്തെ പ്രതി കൊച്ചുകുട്ടികളോട് എന്തിനാണിങ്ങനെ കല്ലു വെച്ച നുണകൾ പറയുന്നത്. അതോ മനുഷ്യർക്ക് ഇക്കാര്യത്തിൽ മറ്റു വല്ല ഉദ്ദേശ്യവുമുണ്ടോ. ഉണ്ടെങ്കിൽ അതൊന്ന് അറിയണമെന്ന് അതിന് തോന്നി.

അങ്ങനെയാണ് അവൻ പകൽവെളിച്ചത്തിൽ പ്രത്യക്ഷപ്പെട്ടത്. ഹെഡ്മാസ്റ്ററുടെ മുറിയിലേക്കാണ് ആദ്യം പോയത്.

ഹെഡ് മാസ്റ്ററുടെ മുറിയിലെത്തിയതേ ഉള്ളൂ. വലിയൊരു ആക്രോശമാണ് അവനെ എതിരേറ്റത്. ഹെഡ്മാസ്റ്ററുടെ ഒച്ച കേട്ട് ആരൊക്കെയോ ഓടിവരുന്നുണ്ടായിരുന്നു. പിന്നിൽ വന്നു വീഴുന്നത് കല്ലും, കമ്പുകളുമാണെന്ന് പിന്തിരിഞ്ഞോടവെ കുറുക്കൻ അറിഞ്ഞു. ഒന്നു മിണ്ടുന്നതിനു മുമ്പേ ഇപ്രകാരം ആട്ടിയോടിക്കപ്പെട്ടതിൽ കുറുക്കന് വിഷമം തോന്നി. എങ്കിലും മറ്റാരോടെങ്കിലും ചോദിച്ചേ അടങ്ങൂ എന്നവൻ മനസ്സിലുറപ്പിച്ചിരുന്നു.

രാത്രിയായപ്പോൾ കാറ്റിനോടൊപ്പം വന്ന ഒരു പള്ളിമണിയുടെ ഒച്ചയെ പിന്തുടർന്ന് അവൻ നടക്കാൻ തുടങ്ങി. പള്ളിമേടയിൽ പുരോഹിതൻ അത്താഴത്തിനു ശേഷം ഉറങ്ങാൻ വട്ടം കൂട്ടുകയായിരുന്നു. തുറന്നിട്ട ജനാലയിലൂടെ തല അകത്തേക്ക് കടത്തി മുറിയാകെ പരിശോധിക്കുകയായിരുന്നു കുറുക്കൻ. അപ്പോഴാണ് പുരോഹിതൻ അങ്ങോട്ടേക്ക് വന്നത്. കുറുക്കനെ കണ്ട് പ്രേതത്തെകണ്ടതു പോലെ അയാൾ വിളറി

വെളുത്തുപോയി. പുരോഹിതന്റെ നിലവിളികേട്ട് ആളുകൾ ഓടിക്കൂടാൻ തുടങ്ങി. സ്കൂളിലെ അനുഭവം ആവർത്തിക്കാൻ തുടങ്ങുന്നു എന്നറിഞ്ഞ കുറുക്കൻ കിട്ടിയ വഴിയെ പാഞ്ഞു. വീണ്ടും അത് സ്കൂളിലെ തന്റെ പഴയ കുറ്റിക്കാടിനെ തന്നെ അഭയം പ്രാപിച്ചു.

തന്റെ ചോദ്യത്തിനുള്ള ഉത്തരം മനുഷ്യരിൽ നിന്ന് കിട്ടില്ല എന്ന് കുറുക്കനുറപ്പായികഴിഞ്ഞിരുന്നു. അതികഠിനമായ നിരാശയോടെ വെറുതേ കിടന്ന അവനെ ഊരോ പേരോ ഇല്ലാത്ത ഒരു മഹാമൗനം വന്ന് പൊതിയാൻ തുടങ്ങി. പിന്നീട് മൂന്നു രാപ്പകലുകൾ വിശപ്പോ ദാഹമോ ഇല്ലാതെ അങ്ങിനെ തുടർന്നു. മൂന്നാംദിവസം ആകാശത്ത് ചന്ദ്രക്കല വെട്ടിത്തിളങ്ങുന്നൊരു പാതിരാത്രിയിൽ കുറുക്കന് ബോധോദയമുണ്ടായി.

ആകാശത്തിന്റെ നെറുകയിൽ നിന്ന് മഞ്ഞുതുള്ളികൾ ഊർന്നു വീഴുന്നുണ്ടായിരുന്നു. കാടെന്നോ, നാടെന്നോ തിരിയാത്തൊരു കാറ്റ് ഇലകളിൽ നിന്ന് ഇലകളിലേക്ക് വഴുതിമാറുന്നു. കാടിന്റെ സമാധാനവും നാടിന്റെ വ്യാകുലതകളും അവന് മുന്നിൽ ചോദ്യത്തിനുത്തരമായി തെളിഞ്ഞു. വളർന്നു പോയ ബുദ്ധികളിൽ കരു പിടിക്കുന്ന ആർത്തികൾ സമസ്ത നൻമകളെയും നശിപ്പിക്കുന്നതെങ്ങിനെയെന്ന് കുറുക്കന് ബോദ്ധ്യമായി. കുറുക്കൻ ആരുടെയോ താല്പര്യങ്ങളുടെ ഒരു ഇര മാത്രമായിരുന്നു.

ഇതിനിടെ കുറുക്കൻ മൗനത്തിലിരുന്ന ആ ദിവസങ്ങളിൽ നാട്ടിൽ വലിയൊരു കോലാഹലം നടക്കുകയായിരുന്നു. ഒരജ്ഞാത ജീവി നാട്ടിൽ പ്രത്യക്ഷപ്പെട്ടതായി വാർത്തകൾ പരന്നു. പലരുടെയും വളർത്തുമൃഗങ്ങളെ കാണാതായി. ജീവിയെ കണ്ടതെന്നു പറയുന്ന വൃദ്ധ, ഹെഡ്മാസ്റ്റർ, പള്ളിവികാരി എന്നിവർ മൂന്ന് വിധേനയാണ് കാര്യങ്ങൾ പറഞ്ഞത്. ഒരാൾ കുറുക്കനാണെന്നും മറ്റെയാൾ നരിയാണെന്നും വേറൊരാൾ ഇതുവരെ കാണാത്ത ഒരിനം ജീവിയാണെന്നും വാദിച്ചു. നാട്ടിൽ കാണാതായ മുഴുവൻ വളർത്തുമൃഗങ്ങളെയും ഈ അജ്ഞാതജീവിയാണ് അപഹരിച്ചതെന്നുള്ള പത്രവാർത്തകളും പരന്നിരുന്നു.

അജ്ഞാതജീവിയെ കുടുക്കാൻ നാട്ടെങ്ങും കൂടുകൾ സ്ഥാപിക്കുന്നുണ്ടായിരുന്നു. കണ്ടാലുടൻ തല്ലിക്കൊല്ലാൻ പ്രത്യേകസംഘം ആളുകളും തയ്യാറായിരുന്നു.


എന്നാൽ ഇതൊന്നുമറിയാതെ കുറുക്കൻ ഒരു പുതിയ പ്രശ്നത്തെ നേരിടുകയായിരുന്നു. കേട്ട കഥകളിലൊന്നിൽ പോലും കുറുക്കൻ നന്മയുടെ പ്രതീകമായിരുന്നില്ല. കാട്ടിലെ മറ്റൊരു ജീവിക്കും ഈ ദുര്യോഗം സംഭവിച്ചിട്ടില്ല. അതു കൊണ്ട് തന്നെ ത്ന്റെ വംശത്തിന് സംഭവിച്ച ഈ ദുഷ്പേര് മാറ്റാൻ തന്നാലാവത് ചെയ്യാതെ ഇനി കാട്ടിലേക്കില്ല എന്നത് ശപഥം ചെയ്തു.

ദിവസങ്ങൾ ഒന്നോരണ്ടോ പിന്നെയും കടന്നുപോയി. ഒരു രാത്രി സ്കൂളിനടുത്തെ കുറ്റിക്കാട്ടിൽ ഇത്തരം ചിന്തകളിൽ മുഴുകി ഇരിക്കുകയായിരുന്നു കുറുക്കൻ. ഒരു വാഹനത്തിൽ അപ്പോൾ വന്നിറങ്ങിയ സ്ത്രീ ഒരു പൊതിക്കെട്ട് ഉപേക്ഷിച്ച് കടന്നുപോകുന്നത് അത് കണ്ടു. കേവലമൊരു സാധാരണ സംഭവം എന്ന് മാത്രമേ അത് അപ്പോളോർത്തുള്ളൂ.

പാതിരാവായപ്പോൾ ഇരുട്ടിലൊളിച്ചിരുന്നൊരു മഴ പുറത്ത് വന്ന് നേർത്തു പെയ്യാൻ തുടങ്ങി. വഴിയോരത്ത് നിന്ന് ഒരു മനുഷ്യകുഞ്ഞിന്റെ കരച്ചിൽ കുറുക്കൻ കേട്ടു. ഇപ്പോൾ എങ്ങനെയാണ് കുഞ്ഞ് കരയുന്നതെന്ന് അത് അത്ഭുതപ്പെട്ടു. മഴ കൂടുന്നതോടെ കുഞ്ഞിന്റെ കരച്ചിലും കൂടാൻ തുടങ്ങി. അസ്വസ്ഥതയോടെ കുറുക്കനെഴുന്നേറ്റ് റോഡരുകിലേക്ക് ചെന്നു. കുറുക്കനെ അമ്പരപ്പിച്ചൊരു കാഴ്ച അവിടെയുണ്ടായിരുന്നു. തൊട്ടു മുമ്പേ റോഡരുകിൽ ആ സ്ത്രീ ഉപേക്ഷിച്ചത് ഒരു പൊതിക്കെട്ടല്ല മറിച്ച് ഒരു മനുഷ്യകുഞ്ഞാണ്.

സ്തബ്ധനായിപ്പോയ കുറുക്കന്റെ മനസ്സിലൂടെ നിരവധി ചിന്തകൾ കടന്നുപോയി. കാട്ടിലെവിടത്തും അമ്മമാർ ജീവിച്ചിരിക്കെ കുഞ്ഞുങ്ങൾ ഉപേക്ഷിക്കപ്പെടാറില്ല എന്നത് അത്ഭുതത്തോടെ ഓർത്തു. പെട്ടെന്നാണ് ആ ചിന്ത കുറുക്കനിൽ ദൃഢമായത്. കുറുക്കൻഒരു ദുഷ്ടമൃഗമല്ല എന്ന് തെളിയിക്കാനൊരവസരം. കുഞ്ഞ് കൂടുതലുറക്കെ കരയാൻ തുടങ്ങി. കുറുക്കൻ കുഞ്ഞിനെ പൊതിഞ്ഞ തുണിക്കെട്ട് കരുതലോടെ കടിച്ചെടുത്തു. ദൂരെ ഒരാൾക്കൂട്ടവും , വെളിച്ചവും. അല്പം നിന്നതിനു ശേഷം അവൻ അതിനു നേരെ കുതിച്ചോടാൻ തുടങ്ങി.

പിറ്റേന്നത്തെ പത്രങ്ങളിൽ ചെറുകോളമായി ആ വാർത്തയുമുണ്ടായിരുന്നു. "അജ്ഞാതജീവിയെ പിടികൂടി. നാടിനെ മുൾമുനയിൽ നിറുത്തിയ അജ്ഞാതജീവിയെ നാട്ടുകാർ ചേർന്ന് തല്ലിക്കൊന്നു. ഒരു കുഞ്ഞിനെയും കടിച്ചെടുത്ത് ഓടുകയായിരുന്നത്രെ അത്. ■


ലൈസൻസ് വേണ്ട
എയർ പിസ്റ്റോൾ/റൈഫിൾ
മാഗസിനിൽ 18 ബി. ബി. 177 നിറയ്ക്കാവുന്നത്
എല്ലാവിധ തോക്കുകളും വാങ്ങുന്നതിനും റിപ്പയറിംഗിനും
ലൈസൻസുള്ളവ വിൽക്കുന്നതിനും

കൊച്ചിൻ ആർമറി
ഷേണായിസ് ജംഗ്ഷൻ, നാരകത്തറ റോഡ്,
എറണാകുളം, ഫോൺ: 0484 2371598, 2353589
മൊബൈൽ: 9446369589, 9742106971

ലൈസൻസ് വേണ്ട
.177 എയർ പിസ്റ്റോൾ / എയർ റൈഫിൾ

സൗത്ത് ഇന്ത്യയിലെ ഏറ്റവും വലിയ വിൽപനശാല
കൊച്ചിൻ എയർഗൺസ്
കച്ചേരിപ്പടി, ചിറ്റൂർ റോഡ്, സുധീന്ദ്ര ഹോസ്പിറ്റലിന് സമീപം
എറണാകുളം. ഫോൺ: 0484 2353589, 9400737832, 9061987450
Distributer Cochin Armoury